## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 822 — 30/06/2015-ൽ മറുപടിക്ക്

## മൈക്രോബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ശശി** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഡ്രഗ്സ് കൺട്രോൾ ലാബിലെ പുതിയ മൈക്രോ ബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര ഫണ്ട് വിനിയോഗിച്ചു ; കേന്ദ്ര -സ്റ്റേറ്റ് ഫണ്ട് തിരിച്ചു വിവരം ലഭ്യമാക്കാമോ ; | എ) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ സ്ഥാപിച്ചിട്ടുള്ള പുതിയ മൈക്രോബയോളജി ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനത്തിനായി 1,15,10,785 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 32,56,533/- രൂപ കേന്ദ്ര ഫണ്ടും 82,54,252/- രൂപ സ്റ്റേറ്റ് ഫണ്ടുമാണ്. |
| ബി) നിർമ്മാണ പ്രവർത്തനം ടെൻഡർ നടപടിയിലൂടെ ആയിരുന്നോ ; എത്ര ടെൻഡർ ലഭിച്ചു ; ആരാണ് നിർമ്മാണ പ്രവർത്തനം നടത്തിയത് ; വ്യക്തമാക്കാമോ ; | ബി) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ സ്ഥാപിച്ച പുതിയ മൈക്രോ ബയോളജി ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം ടെൻഡർ നടപടിയിലൂടെ അല്ലായിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ മെ. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് വഴിയാണ് നിർമ്മാണ പ്രവർത്തനം നടത്തിയത്. |
| സി) കരാർ പ്രകാരം നിർമ്മാണം കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ടോ ; | സി) ഇല്ല. കരാറിലെ കാലാവധി കഴിഞ്ഞിട്ടാണ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് ലാബ് ഉദ്ഘാടനം നടത്തിയത്. |
| ഡി) ഉടമ്പടിയിലുണ്ടായിരുന്ന ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ ; പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് | ഡി) ഒരു മൈക്രോബയോളജി ലബോറട്ടറി പ്രവർത്തിപ്പിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ട ഉപകരണങ്ങൾ ലാബ് സജ്ജമാക്കുമ്പോൾ തന്നെ സ്ഥാപിക്കേണ്ടതുണ്ട്. ഇവ |

സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ ;

ഇല്ലാതെ മൈക്രോബയോളജി ലാബിന്റെ പ്രവർത്തനം സാധ്യമല്ല. ഇത്തരത്തിലുള്ള എല്ലാ ആധുനിക ഉപകരണങ്ങളും ഉൾപ്പെടെയാണ് എച്ച്.എൽ.എൽ. ഡ്രഗ്സ് കൺട്രോളർ ലൈഫ് കെയർ ലിമിറ്റഡ് പ്രസ്തുത ലാബ് സജ്ജമാക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഉപകരണങ്ങൾ എല്ലാം സ്ഥാപിച്ച് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ എച്ച്.എൽ. എൽ. ഡ്രഗ്സ് കൺട്രോളർ മുഖേന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിക്ക് കൈമാറിയിട്ടുണ്ട്.

ഇ) നവീകരിച്ച ലാബിൽ മരുന്ന പരിശോധന നടക്കുന്നുണ്ടോ ; എങ്കിൽ നാളിതുവരെ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട് ;

ഇ) മൈക്രോബയോളജി ലാബിൽ മരുന്നു പരിശോധനയ്ക്ക് മുമ്പായി അണുവിമുക്തമാക്കേണ്ടതും ഉപകരണത്തിന്റെ വാലിഡേഷൻ നടത്തേണ്ടതുമാണ്. അക്കാര്യങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ഇപ്പോൾ പഴയ മൈക്രോബയോളജി ലാബ് പ്രവർത്തിച്ചു വരുന്നുണ്ട്.

എഫ്) ലാബിൽ മൈക്രോ ബയോളജിസ്റ്റ് തസ്തികയുണ്ടോ ; ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമപ്രകാരം പ്രസ്തുത തസ്തിക ആവശ്യമുണ്ടോ ;

എഫ്) ഇല്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമപ്രകാരം പ്രസ്തുത തസ്തിക അനിവാര്യമല്ല.

ജി) മൈക്രോ ബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകത സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തായിരുന്നു; ആയത് പരിഹരിച്ചിട്ടുണ്ടോ?

ജി) മൈക്രോബയോളജി ലാബ് പ്രവർത്തിക്കുന്നതിന്, തുടക്കത്തിൽ ചില ചെറിയ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. AHU, Gas line, Fire Safety Alarm എന്നിവയ്ക്ക് അപാകതകൾ കണ്ടെത്തിയിരുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. കൂടാതെ മൈക്രോബയോളജി ലാബിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങളുടെ ആധികാരികമായ രേഖകളും അധികമായി ആവശ്യമായ ചില പരിശോധനാ സൗകര്യങ്ങളും, ആവശ്യമാണെന്ന് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലാബ് സ്ഥാപിച്ച എച്ച്. എൽ.എൽ-ലൈഫ് കെയർ ലിമിറ്റഡിനെ അറിയിക്കുകയും പ്രസ്തുത സ്ഥാപനം തന്നെ നിയമാനുസൃതമായി പ്രസ്തുത കാര്യങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ